## 353

1 കൃപയേറും കർത്താവിൽ എന്നാശ്രയം എന്നും
അതിനാൽ മനം കലങ്ങാതവനിയിൽ പാർത്തിടുന്നു
സന്തപങ്ങളകന്നു സംഗീതം പാടിടും ഞാൻ

പാടും ഞാൻ പാടും ഞാൻ എൻയേശുവിന്നായ് പാടും ഞാൻ

2 ബലഹീന നേരത്തിൽ പതറാതെ നിന്നിടുവാൻ
മനുവേൽ തൻ വലംകരത്താൽ അനുവേലം കാത്തിടുന്നു
വൈരികളിൻ നടുവിൽ വിരുന്നും ഒരുക്കിടുന്നു-

3 പ്രതികൂലമേറുമ്പോൾ മനംനൊന്തു കരയുമ്പോൾ
തിരുമാർവ്വിൽ ചേർത്തണച്ചു കണ്ണുനീർ തുടച്ചിടും താൻ
എൻനാവിൽ നവഗാനം എന്നാളും നൽകിടും താൻ-

4 തിരുനാമം ഘോഷിച്ചും തിരുസ്നേഹം ആസ്വദിച്ചും
ഗുരുനാഥനേശുവിന്നായ് മരുവും ഞാൻ പാർത്തലത്തിൽ
സ്തുതി ഗീതങ്ങളനിശം പാടി പുകഴ്ത്തിടും ഞാൻ- **G.P**